"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

മത്സ്യബന്ധന വകുപ്പ് - 2024-25 വർഷത്തെ അനുബന്ധ തൊഴിലാളി ഗ്രൂപ്പ് ആക്സിഡന്റ് ഇൻഷുറൻസ് പദ്ധതി പോളിസി 17/12/2024 മുതൽ ഒരു വർഷത്തേക്ക് പുതുക്കുന്നതിന് കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിന് അനുമതി നൽകി, നടപ്പ് സാമ്പത്തിക വർഷത്തെ ബജറ്റ് വിഹിതത്തിൽ നിന്ന് 47,20,000/- രൂപ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**മത്സ്യബന്ധന തുറമുഖ (സി) വകുപ്പ്**

സ.ഉ.(സാധാ)നം. 889/2024/F&P തീയതി, തിരുവനന്തപുരം 17.12.2024

പരാമർശം:-
1. സ.ഉ (സാധാ) നം.931/2023/മതുവ തീയതി 24.11.2023
2. സ.ഉ (സാധാ) നം.306/2024/മതുവ തീയതി 18.06.2024
3. സ.ഉ (സാധാ) നം.877/2024/മതുവ തീയതി 10.12.2024
4. സ.ഉ (അച്ചടി) നം. 76/2024/ധന തീയതി 31.08.2024.
5. ഫിഷറീസ് ഡയറക്ടറുടെ 14.10.2024 തീയതിയിലെ DFTVM//1295/2024-N3 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന ഫിഷറീസ് വകുപ്പ് നടപ്പിലാക്കി വരുന്ന തുടർ പദ്ധതിയാണ് അനുബന്ധത്തൊഴിലാളി ഗ്രൂപ്പ് ആക്സിഡന്റ് ഇൻഷുറൻസ് പദ്ധതി. പരാമർശം (1) പ്രകാരം അനുമതി നൽകിയ നിലവിലെ ഇൻഷുറൻസ് പദ്ധതി 16.12.2024-ൽ അവസാനിക്കുകയാണ്. അനുബന്ധ തൊഴിലാളി ഗ്രൂപ്പ് ആക്സിഡന്റ് ഇൻഷുറൻസ് പദ്ധതിയ്ക്ക് പരാമർശം (3) പ്രകാരം, 1.18 കോടി രൂപ നടപ്പ് സാമ്പത്തിക വർഷത്തെ 2405-00-121-96 (P) എന്ന ശീർഷകത്തിൽ വകയിരുത്തി പുതുക്കിയ ഭരണാനുമതി നൽകി ഉത്തരവായിരുന്നു.

2) അനുബന്ധത്തൊഴിലാളി ഗ്രൂപ്പ് ആക്സിഡന്റ് ഇൻഷുറൻസ് പദ്ധതിയുടെ കാലാവധി 16.12.2024-ൽ അവസാനിക്കുന്നതിനാൽ 17.12.2024 മുതൽ ഒരു വർഷത്തേക്ക് പദ്ധതി പുതുക്കേണ്ടതുണ്ടെന്നും, ആയതിനായി കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് കമ്മീഷണർ ഇ- ടെണ്ടർ നടപടി സ്വീകരിക്കുകയും, ഇ-ടെണ്ടറിൽ പങ്കെടുത്ത ഇൻഷുറൻസ് കമ്പനികളിൽ ഏറ്റവും കുറഞ്ഞ പ്രീമിയം തുക ക്വാട്ട് ചെയ്ത M/s റോയൽ സുന്ദരം ജനറൽ ഇൻഷുറൻസ് കമ്പനി Rs. 160/Head എന്ന പ്രീമിയമാണ് ക്വാട്ട് ചെയ്തതെന്നും ആയത് പ്രകാരം ആകെ 1,30,08,408 /- രൂപ

(ആകെ ഒരു കോടി മുപ്പത് ലക്ഷത്തി എണ്ണായിരത്തി നാനൂറ്റിയെട്ട് രൂപ മാത്രം) ആവശ്യമാണ് എന്നും ആയതിനാൽ പദ്ധതി നടപ്പിലാക്കുന്നതിന് അധികമായി 12,08,408/- രൂപ ആവശ്യമാണെന്നും ഫിഷറീസ് ഡയറക്ടർ പരാമർശം (5) കത്ത് പ്രകാരം അറിയിച്ചു. എന്നാൽ ഭരണാനുമതി ലഭ്യമായ 1.18 കോടി രൂപയ്ക്ക് 2024-25 വർഷത്തെ അനുബന്ധ തൊഴിലാളി ഗ്രൂപ്പ് ആക്സിഡന്റ് ഇൻഷുറൻസ് പദ്ധതി പദ്ധതി നേരിട്ട് നടപ്പാക്കുന്നതിന് മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിന് സാധിക്കുന്നതാണെന്ന് കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് കമ്മീഷണർ അറിയിച്ചിട്ടുണ്ടെന്നും പ്രസ്തുത സാഹചര്യത്തിൽ 17/12/2024 മുതൽ ഒരു വർഷത്തേക്ക് അനുബന്ധ തൊഴിലാളി ഗ്രൂപ്പ് ആക്സിഡന്റ് ഇൻഷുറൻസ് പദ്ധതി പോളിസി 77431 അനുബന്ധ തൊഴിലാളികൾക്ക് Rs. 152.39 രൂപ/head ഗ്രൂപ്പ് ഇൻഷുറൻസ് പ്രീമിയം നിരക്കിൽ 1.18 കോടി രൂപയ്ക്ക് (ഭരണാനുമതി ലഭിച്ച തുകയ്ക്ക്) നേരിട്ട് നടപ്പാക്കുന്നതിന് കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിന് അനുമതി നൽകണമെന്നും നടപ്പ് സാമ്പത്തിക വർഷത്തെ പദ്ധതിയുടെ ശീർഷകമായ 2405-00-121-96 (പി) ൽ നിന്ന് 1.18 കോടി രൂപ മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിന് അനുവദിച്ച് ഉത്തരവാകണമെന്നും പരാമർശം (5) കത്ത് പ്രകാരം ഫിഷറീസ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിച്ചു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2024-25 വർഷത്തെ അനുബന്ധ തൊഴിലാളി ഗ്രൂപ്പ് ആക്സിഡന്റ് ഇൻഷുറൻസ് പദ്ധതി പോളിസി 17/12/2024 മുതൽ ഒരു വർഷത്തേക്ക് പുതുക്കുന്നതിന് മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിന് അനുമതി നൽകി നടപ്പ് സാമ്പത്തിക വർഷത്തെ ബജറ്റ് വിഹിതത്തിൽ 2405-00-121-96 (പി) എന്ന ശീർഷകത്തിൽ നിന്ന് 47,20,000/- രൂപ (നാല്പത്തിയേഴ് ലക്ഷത്തി ഇരുപതിനായിരം രൂപ മാത്രം) ചുവടെ പറയുന്ന ഫണ്ട് റിലീസ് വ്യവസ്ഥകൾക്ക് വിധേയമായി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

1) 16/04/2018-ലെ സ. ഉ (പി) 62/18 ധനയിലെ വ്യവസ്ഥക്ക് വിധേയമായി ടി തുക ട്രഷറിയിലെ PSTSB അക്കൗണ്ടിൽ മാത്രമേ നിക്ഷേപിക്കാൻ പാടുള്ളു.
2) 9/12/08-ലെ സർക്കുലർ നം.84/8/ധന- ലെയും 30/01/18-ലെ സർക്കുലർ നം. 08/18/ധന-ലെയും വ്യവസ്ഥകൾ കൃത്യമായി പാലിക്കേണ്ടതാണ്.
3 ) അനുവദിച്ച തുകയുടെ വിശദമായ ചെലവ് പത്രികയും 09.01.2020-ലെ സ ഉ (കൈ) നം. 04/2020/ധന പ്രകാരമുള്ള ധന വിനിയോഗ സർട്ടിഫിക്കറ്റും തുടർന്നുള്ള റിലീസിന് മുൻപ് ധന വകുപ്പിന് സമർപ്പിക്കേണ്ടതാണ്. കൂടാതെ , 11.09.2020-ലെ സ.ഉ.(കൈ) നം. 93 / 2020 / ധന തീയതി പ്രകാരം ഓഡിറ്റ് ചാർജ്ജ് കുടിശ്ശികയില്ലെന്ന സാക്ഷ്യ പത്രം കൂടെ സമർപ്പിക്കേണ്ടതാണ്.
4) വർഷാവസാനം വിനിയോഗിക്കുവാൻ സാധിക്കാതെ വരുന്ന തുക സർക്കാർ അക്കൗണ്ടിലേയ്ക്ക് തിരിച്ചടക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

K S SRINIVAS

പ്രിൻസിപ്പൽ സെക്രട്ടറി

ഫിഷറീസ് ഡയറക്ടർ, തിരുവനന്തപുരം

കമ്മീഷണർ, കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ്, തൃശ്ശൂർ

പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം

ചീഫ് , അഗ്രിക്കൾച്ചർ , സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് , പട്ടം ,തിരുവനന്തപുരം

ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്

ധനകാര്യ വകുപ്പ് (2960161/PU-C4/2024-Fin dtd 13.12.2024)

ഡയറക്ടർ, വെബ് & ന്യൂ മീഡിയ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Signed by
Sabitha Shiju
Date: 17-12-2024 12:45:26